ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

**നമ്പർ. EA-2/9787/14/DTE** **തീയതി: 06-02-2025**

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം– സാങ്കേതികം- തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം (തടയൽ, നിരോധിക്കൽ, പരിഹാരം) 2013 നിയമം- ഇന്റേർണൽ കമ്മിറ്റി രൂപീകരണം -പോഷ് പോർട്ടൽ രജിസ്ട്രേഷൻ/അപ്ഡേഷൻ നടത്തുന്നത് -സംബന്ധിച്ച്.

സൂചന :- 1. ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ തീയതി: 18.10.2024.
2. വനിത ശിശു വികസന ഡയറക്ടറുടെ കത്ത് നമ്പർ: . DWCD/4692/2024-WEC5(1) തീയതി: 04.02.2025.
3. 22/12/2023 ലെ സർക്കാർ സർക്കുലർ നം: ബി3/304/2023-വ.ശി.വി.വ

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം 2013 അനുസരിച്ച് സൂചന (1) പ്രകാരം പത്തോ അതിലധികമോ ജീവനക്കാർ പണിയെടുക്കുന്ന വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റി രൂപീകരിക്കുന്നതിന്/പുനഃസംഘടിപ്പിക്കുന്നതിന് നിർദ്ദേശം നല്കിയിരുന്നു. സൂചന (3) പ്രകാരം ഇന്റേർണൽ കമ്മിറ്റി വിവരങ്ങളും റിപ്പോർട്ടും രേഖപ്പെടുത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള POSH COMPLIANCE PORTAL ( Web address: posh.wcd.kerala.gov.in) ലിൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിപത്ര പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

സൂചന(2) പ്രകാരം 2025 മാർച്ച് 8 ന് സംസ്ഥാനത്ത് വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന വനിതാ ദിനാഘോഷ പരിപാടിയിൽ വച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ തൊഴിലിടങ്ങളും സമ്പൂർണമായി പോഷ് ആക്ട് 2013 നിയമപ്രകാരം ഇന്റേർണൽ കമ്മിറ്റി രൂപീകരിച്ച് പോഷ് കംപ്ലയൻസ് പോർട്ടലിൽ അപ്ലോഡ് ചെയ്ത് പ്രവർത്തിക്കുന്ന ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുവാനുദ്ദേശിക്കുന്നു. ആയതിനാൽ ഈ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളും 07.02.2025 തിയതിക്ക് മുൻപ് POSH COMPLIANCE PORTAL ( Web address: posh.wcd.kerala.gov.in) ലിൽ രജിസ്റ്റർ ചെയ്ത്/രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ആയതിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ചുവടെ ചേർത്തിരിക്കുന്ന

ഗൂഗിൾ ഫോം ലിങ്കിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

ഗൂഗിൾ ഫോം ലിങ്ക് : https://forms.gle/MrRE7Y3i1TpsD2y49

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികള്ക്കും(**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).

2 . സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 06-02-2025 16:44:50